# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.486** **29.01.2019-ൽ മറുപടിയ്ക്ക്**

## <u>പ്രവാസി ചിട്ടിയുടെ പ്രചരണം</u>

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പ്രവാസി ചിട്ടിയുടെ പ്രചരണവുമായി ബന്ധപ്പെട്ട് വിദേശ യാത്ര, താമസം, പബ്ലിസിറ്റി തുടങ്ങിയ എല്ലാ പ്രവൃത്തികൾക്കും കിഫ്ബി യിൽ നിന്നും ഇതുവരെ ചെലവാക്കിയ തുക ഇനം തിരിച്ച് ലഭ്യമാക്കുമോ; | (എ) | കെ. എസ്.എഫ്.ഇ പ്രവാസി ചിട്ടിയുടെ പ്രചാരണവുമായി ബന്ധപ്പെട്ട് യാത്ര, താമസം, പബ്ലിസിറ്റി തുടങ്ങിയ പ്രവർത്തികൾക്ക് കിഫ്ബിയിൽ നിന്നും ചെലവാക്കിയ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>പ്രചരണം — 4,54,04,871 രൂപ<br>താമസം — 34,36,511 രൂപ<br>ഭക്ഷണം — 20,68,147 രൂപ<br>യാത്ര/ടി.എ /ഡി .എ — 8,40,750 രൂപ<br>Total — 5,17,50,279 രൂപ<br>GST — 93,15,050 രൂപ<br>Grand Total — 6,10,65,329 രൂപ<br>2-ാം ഘട്ട പ്രചരണം- അഡ്വാൻസ് — 1,04,22,277 രൂപ |
| (ബി) | പ്രവാസി ചിട്ടിയുടെ പ്രചരണത്തിന്റെ ചുമതല ഏത് ഏജൻസിക്കായിരുന്നുവെന്നും പ്രസ്തുത ഏജൻസികൾക്ക് ഫീസ് ഇനത്തിൽ ആകെ എന്ത് തുകയാണ് നൽകേണ്ടതെന്നും ഇതുവരെ എത്ര തുക നൽകിയെന്നും വ്യക്തമാക്കുമോ; | (ബി) | കെ. എസ്.എഫ്.ഇ യുടെ പ്രീലോഞ്ച് പ്രചരണവുമായി ബന്ധപ്പെട്ട നടത്തിപ്പ് ചുമതലകൾ 'കേരളീയം' എന്ന ഏജൻസിയാണ് നിർവഹിച്ചത്. ഈ വകയിൽ 5,41,736/- രൂപ സർവീസ് ചാർജ്ജ് ഇനത്തിൽ അവർക്ക് നൽകുകയുണ്ടായി. അടുത്ത ഘട്ട പ്രചാരണങ്ങൾ സി-ഡിറ്റ് എന്ന സ്ഥാപനമാണ് നിർവഹിച്ചത്. സർവീസ് ചാർജ്ജ് ഇനത്തിൽ സി-ഡിറ്റിന് 39,08,251/- രൂപ നാളിതുവരെ നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ചിട്ടിയുടെ പ്രചരണത്തിന്റെ ഭാഗമായി ഉദ്യോഗസ്ഥർ വിദേശ യാത്രകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെയാണ് ഇപ്രകാരം വിദേശ യാത്ര നടത്തിയതെന്നും ഓരോരുത്തർക്കും യാത്ര, താമസം, ഭക്ഷണം എന്നീ ഇനങ്ങളിൽ ശരാശരി ചെലവായ തുക എത്രയെന്നും അറിയിക്കുമോ; | (സി) | പ്രവാസി ചിട്ടിയുടെ പ്രചരണത്തിന്റെ ഭാഗമായി ഉദ്യോഗസ്ഥർ വിദേശയാത്രകൾ നടത്തിയിട്ടുണ്ട്. ഇതിൽ കിഫ് ബി മുഖേന നടത്തിയ വിദേശയാത്രയിൽ ഉൾപ്പെട്ട വ്യക്തികളുടെ പട്ടിക ചുവടെ ചേർക്കുന്നു.<br>1. അഡ്വ. പീലിപ്പോസ് തോമസ്സ്, ചെയർമാൻ, കെ.എസ്.എഫ്.ഇ<br>2. ശ്രീ. പുരുഷോത്തമൻ, മാനേജിംഗ് ഡയറക്ടർ, കെ.എസ്.എഫ്.ഇ<br>3. ഡോ. പി.വി. ഉണ്ണികൃഷ്ണൻ, ജോയിന്റ് ഡയറക്ടർ, സി-ഡിറ്റ്<br>4. ശ്രീ. ജോർജ്ജ് തോമസ്.കെ, അഡീഷണൽ സെക്രട്ടറി, കിഫ്ബി<br>5. ശ്രീ. ബി. ഗോപാലകൃഷ്ണൻ നായർ, ജനറൽ മാനേജർ, നോർക്ക<br>6. ശ്രീ. സുബ്രഹ്മണ്യൻ, ജനറൽ മാനേജർ, കെ.എസ്.എഫ്.ഇ |

| | | | |
|---|---|---|---|
| | | | 7. ശ്രീ. ദീപു ജേക്കബ് തോമസ്, അസിസ്റ്റന്റ് ജനറൽ മാനേജർ, കിഫ്ബി<br>8. ശ്രീ. ഹേമന്ദ്. ആർ.എസ്സ്, അസിസ്റ്റന്റ്, കിഫ്ബി<br>9. ശ്രീ. ശ്യാം കെ.ബി. കെ.എസ്.ഐ.ഇ കൺസൾട്ടന്റ്, കിഫ്ബി<br>10. ശ്രീ. രതീഷ് വർഗ്ഗീസ്, സോഫ്റ്റ് വെയർ ഡെവലപ്പർ, സി-ഡിറ്റ്<br>11. അഡ്വ. വി.കെ. പ്രസാദ്, ബോർഡ് മെമ്പർ, കെ.എസ്.എഫ്.ഇ<br>12. അഡ്വ. റജി സക്കറിയ, ബോർഡ് മെമ്പർ, കെ.എസ്.എഫ്.ഇ<br>13. ശ്രീ. സനിൽ. എസ്.കെ, ഡെപ്യൂട്ടി ജനറൽ മാനേജർ, കെ.എസ്.എഫ്.ഇ.<br>14. ശരത് ചന്ദ്രൻ.എസ്, ജനറൽ മാനേജർ (ഫിനാൻസ്)<br>15. ശ്രീ. പി.കെ. സെൽവരാജ്, അസിസ്റ്റന്റ് ജനറൽ മാനേജർ (എൻ,ആർ.ഐ. ഡിവിഷൻ)<br>16. ശ്രീ. പത്മകുമാർ. മാനേജർ (എൻ.ആർ.ഐ. ഡിവിഷൻ)<br>17. ശ്രീ.ഷാജി, മാനേജർ (എൻ,ആർ.ഐ. ഡിവിഷൻ)<br>18. ശ്രീ. രാഹുൽ, അസിസ്റ്റന്റ് മാനേജർ(എൻ,ആർ.ഐ. ഡിവിഷൻ)<br>19. ശ്രീ. അനിൽ, അസിസ്റ്റന്റ് മാനേജർ (എൻ,ആർ.ഐ. ഡിവിഷൻ)<br>20. ശ്രീ. രാധാകൃഷ്ണൻ, അസിസ്റ്റന്റ് മാനേജർ (എൻ,ആർ.ഐ. ഡിവിഷൻ)<br>21. ശ്രീ. പ്രവീൺ, അസിസ്റ്റന്റ് (എൻ,ആർ.ഐ. ഡിവിഷൻ)<br>എന്നിവർ പ്രവാസി ചിട്ടിയുടെ ഭാഗമായി വിദേശ യാത്ര നടത്തിയിട്ടുണ്ട്.<br>പല യാത്രകളും ഒന്നിലധികം പേർ ചേർന്ന് നടത്തിയിട്ടുള്ളതിനാലും ഭക്ഷണങ്ങളുടെ ചെലവുകൾ പലതും പ്രചാരണ പരിപാടികളോടൊപ്പം നടത്തിയിട്ടുള്ളതിനാലും ഓരോരുത്തർക്കും ചെലവായ തുക കണ്ടെത്തുന്നത് അപ്രായോഗികമാണ്. |
| (ഡി) | പ്രവാസി ചിട്ടിയുടെ പ്രചരണവുമായി ബന്ധപ്പെട്ട വിദേശ യാത്രകളിൽ സ്വകാര്യ വ്യക്തികൾ പങ്കെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ? | (ഡി) | പ്രവാസി ചിട്ടിയുടെ പ്രചരണാർത്ഥം കിഫ്ബി മുഖേന നടത്തിയ യാത്രകളിൽ ആ പദ്ധതിയുമായി ബന്ധപെട്ട ഉദ്യോഗസ്ഥരും സാങ്കേതിക വിദഗ്ധരും ഭരണ നിർവ്വഹകരും മാത്രമേ പങ്കെടുത്തിട്ടുള്ളൂ. |

(signature)

**സെക്ഷൻ ഓഫീസർ**